**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 313** **23-01-2025 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമം റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് ആഭ്യന്തരവകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ മയക്കുമരുന്നുകളുടെ ഉപയോഗം, വിതരണം, കടത്ത് എന്നിവ നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ പങ്കാളിത്തത്തോടെയും വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിമുക്തി മിഷൻ മുഖേന വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ മയക്കുമരുന്ന് ഉപയോഗം മൂലമുള്ള എത്ര അതിക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ; വിശദമാക്കുമോ; | (ബി) | നിലവിൽ മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്നില്ല. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ മയക്കുമരുന്ന് കൈവശം വച്ചതിനും വിതരണം ചെയ്തതിനും ഉപയോഗിച്ചതിനുമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ കുറ്റവിമുക്തരായിട്ടുണ്ട്; വിശദവിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ, 2024 ഡിസംബർ 31 വരെ മയക്കുമരുന്ന് കൈവശം വച്ചതിനും വിതരണം ചെയ്തതിനും ഉപയോഗിച്ചതിനുമായി ആകെ 24,670 NDPS കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ടി കാലയളവിൽ ശിക്ഷിക്കപ്പെട്ടതും, കുറ്റവിമുക്തരാക്കിയതുമായ പ്രതികളുടെ എണ്ണം വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം | കുറ്റ വിമുക്തരാക്കിയ പ്രതികളുടെ എണ്ണം |
|---|---|---|
| 2021 | 2083 | 52 |
| 2022 | 3638 | 91 |
| 2023 | 4998 | 100 |
| 2024 | 4474 | 161 |

സെക്ഷൻ ഓഫീസർ